(സി) ഇല്ലെങ്കിൽ നേരത്തെയുണ്ടായിരുന്ന ഈ വ്യവസ്ഥ പുതുക്കിയ സപ്ലൈകോഡിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2014 ഏപ്രിൽ 1-ാം തീയതി നിലവിൽ വന്നു.

(ബി) വീടുകളിലേക്ക് വൈദ്യുതി കണക്ഷന് അപേക്ഷിക്കുമ്പോൾ അപേക്ഷകനെ തിരിച്ചറിയുന്നതിനുള്ള രേഖ, അപേക്ഷകൻ വീടിന്റെ ഉടമസ്ഥനാണെങ്കിൽ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, ഉടമസ്ഥനല്ലെങ്കിൽ താമസിക്കുന്നതിനുള്ള അധികാരം ലഭിച്ച രേഖ ഇവയാണ് നൽകേണ്ടത്.

(സി) സപ്ലൈകോഡിൽ പുതിയ വ്യവസ്ഥ ചേർക്കുന്നതിന് "സപ്ലൈകോഡ് റിവ്യൂ പാനലിന്" അപേക്ഷ നൽകണം. ഇതിനുള്ള നടപടിക്രമങ്ങൾ കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ്, 2014-ലെ പത്താം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. *

സൗരോർജ്ജ നയം

8 (348) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൗരോർജ്ജ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സൗരോർജ്ജത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) 25-11-2013-ലെ സ.ഉ.(പി) നം. 49/2013/പിഡി പ്രകാരം സർക്കാർ സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സൗരോർജ്ജ നയത്തിന്റെ ചില പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

(1) സംസ്ഥാനത്തിലെ സോളാർ ഊർജ്ജത്തിന്റെ സ്ഥാപിതശേഷി 2017-ൽ 500 മെഗാവാട്ടും 2030-ൽ 2500 മെഗാവാട്ടും ആയി വർദ്ധിപ്പിക്കുക.

(2) ലഭ്യമായ സൗരോർജ്ജം പരമാവധി ഉപയോഗിക്കുക.

(3) കാർബൺ എമിഷൻ കുറച്ചുകൊണ്ട് പരമാവധി ഊർജ്ജ സുരക്ഷ ഉറപ്പുവരുത്തുക.

(4) സോളാർ ഊർജ്ജവുമായി ബന്ധപ്പെട്ട മേഖലകളിൽ നേരിട്ടും അല്ലാതെയും ഉള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

(5) ഈ മേഖലകളിൽ പുതിയ കണ്ടുപിടുത്തവുമായി ബന്ധപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുക.

(സി) സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും 2017-ഓടെ 500 മെഗാവാട്ടും 2030-നകം 2500 മെഗാവാട്ടും വൈദ്യുതി ഉത്പാദിപ്പിക്കാനാണ് സർക്കാർ പ്രഖ്യാപിച്ച സൗരോർജ്ജനയംവഴി ലക്ഷ്യമിടുന്നത്.

(ഡി) പ്രസ്തുത നയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സൗരോർജ്ജ നയത്തിൽ രൂപീകരിച്ച സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ ആദ്യയോഗം 2014 ഫെബ്രുവരി മാസം 3-ാം തീയതി അഡീഷണൽ ചീഫ് സെക്രട്ടറി (ഊർജ്ജം)യുടെ അദ്ധ്യക്ഷതയിൽ ചേരുകയും സ്വീകരിക്കേണ്ട അനന്തര നടപടികളെ സംബന്ധിച്ച് ആദ്യഘട്ട ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സോളാർ പോളിസിയിൽ ലക്ഷ്യമിട്ട സ്ഥാപിതശേഷി കൈവരിക്കുന്നതിന്, കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

(1) കെ.എസ്.ഇ.ബി. കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ അനുയോജ്യമായവയിൽ മൊത്തം 1.35 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(2) കഞ്ചിക്കോട് കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1 മെഗാവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ

(3) പാലക്കാട് ജില്ലയിലെ അഗളി, ചാലയൂർ ടൈബൽ കോളനിയിലിലെ വീടുകളുടെ മേൽക്കൂരകളിൽ മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(4) പൊരിങ്ങൽ പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ 50 KWP ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(5) കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 KWP ശേഷിയുള്ള പോൾ മൗണ്ട്സ് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(6) തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ 134.5 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് (Stage-1)

(7) RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 0.1315 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(8) വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ ഡാമിൽ 400 KWP സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(9) നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് എന്നിവയുമായി സഹകരിച്ചും കൊല്ലം ജില്ലയിൽ പടിഞ്ഞാറേ കല്ലടയിൽ 300 ഏക്കറിൽ 50 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ.

സൗരവൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നതിന് സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷൻ 10-6-2014-ൽ "Grid Interactive Distributed Solar

LIBRARY ARCHIVES Kerala Legislative Assembly

Energy System" എന്ന പേരിൽ ഒരു മാർഗ്ഗരേഖ ഇറക്കിയിട്ടുണ്ട്. ഈ മാർഗ്ഗരേഖ എല്ലാത്തരം വൈദ്യുത ഉപഭോക്താക്കളേയും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ പ്രേരിപ്പിക്കുന്നു.

വൈക്കം നിയോജകമണ്ഡലത്തിലെ ഇലക്ട്രിക്ക് ലൈനുകൾ

9 (349) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിൽ എത്രയൊക്കെ വീതം സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകൾ ആക്കിയിട്ടുണ്ടെന്നും, ഏതെല്ലാം സ്ഥലങ്ങളിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) വൈക്കം നിയോജക മണ്ഡലത്തിനു കീഴിൽ ഓരോ ഇലക്ട്രിക്ക് സെക്ഷനുകളിലും എത്ര വീതം തടി പോസ്റ്റുകൾ മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ ആക്കിയിട്ടുണ്ടെന്നും ഇനി എത്രത്തോളം തടി പോസ്റ്റുകൾ ഈ രീതിയിൽ മാറ്റാനുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ)

സെക്ഷൻ	സിംഗിൾ ഫേസ്-ത്രീ ഫേസ് കൺവേർഷൻ (kms)	ട്രാൻസ്ഫോർമർ (Nos)
വൈക്കം	4.35	16
ചെമ്പ്	3.75	11
തലയാഴം	19.28	9
തലയോലപ്പറമ്പ്	5.88	18

LIBRARY ARCHIVES Kerala Legislative Assembly